707084/2020/FAIRCOPY AH

"ഭരണഭാഷ - മാതൃഭാഷ"

2/11/2020

B2

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - കരുനാഗപ്പള്ളി വെറ്ററിനറി പോളിക്ലിനിക്കിലെ ഡ്രൈവർ തസ്തിക കുര്യോട്ടുമല ഹൈടെക് ഡയറി ഫാമിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**കൃഷി(മൃഗസംരക്ഷണ- ഇ) വകുപ്പ്**

സ.ഉ.(സാധാ)നം.324/2020/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 27.10.2020

===========================================================================

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11.09.2020 ലെ എ.എച്ച്.ഡി/3612/2020-ബി2 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കുര്യോട്ടുമല ഹൈടെക് ഡയറി ഫാമിൽ ഉപയോഗത്തിലുള്ള ട്രാക്ടർ, രണ്ട് ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ എന്നിവയ്ക്ക് (ഒന്ന് മൃഗസംരക്ഷണ വകുപ്പിന്റെയും ഒന്ന് ജില്ല പഞ്ചായത്തിന്റെയും) ഡ്രൈവർ തസ്തിക നിലവിലില്ലായെന്നും ദിവസവേതന അടിസ്ഥാനത്തിലാണ് ഡ്രൈവർമാരെ നിയമിച്ചു വരുന്നതെന്നും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി വെറ്ററിനറി പോളിക്ലിനിക്കിലെ വാഹനം കാലപ്പഴക്കം ചെന്നതിനാൽ ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിലും ഡ്രൈവർ തസ്തിക നിലവിലുണ്ടെന്നും ടി തസ്തിക കുര്യോട്ടുമല ഹൈടെക് ഡയറി ഫാമിലേയ്ക്ക് പുനർവിന്യസിച്ചു നൽകണമെന്നും പരാമർശ കത്ത് പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. ടി തസ്തിക പുനർവിന്യസിക്കുന്നതിലൂടെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി വെറ്ററിനറി പോളിക്ലിനിക്കിൽ ഡ്രൈവർ തസ്തിക മേലിലും സൃഷ്ടിക്കാൻ പാടില്ല എന്നുള്ള നിബന്ധനയിൽ ടി സ്ഥാപനത്തിലെ ഡ്രൈവർ തസ്തിക കുര്യോട്ടുമല ഹൈടെക് ഡയറി ഫാമിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ടും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2403-00-102-97 (NP) എന്ന ശീർഷകത്തിൽ നിന്നും മാറ്റുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ശ്രീകുമാർ.പി.പി**

അണ്ടർ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്, കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (1580812/അഗ്രി-എ 2/96/2020-ധന തീയതി 30.09.2020 പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ